**കേരള സർക്കാർ**

**നം.ഡി.എ 1/17/2019/ തസ്വഭവ**

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 21.02.2019

**<u>സർക്കുലർ</u>**

വിഷയം:-തദ്ദേശ ഭരണസ്ഥാപനങ്ങൾ കേരള വാട്ടർ അതോറിട്ടി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് മറ്റ് ഏജൻസികൾ എന്നിവയിലേക്ക് തുക ഡെപ്പോസിറ്റ് ചെയ്തത് -സംബന്ധിച്ച്

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.18 ൽ ചേർന്ന യോഗത്തിന്റെ 3.1 നമ്പർ തീരുമാനവും 06.02.19 ൽ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനവും

തദ്ദേശ ഭരണസ്ഥാപനങ്ങൾ കേരള വാട്ടർ അതോറിട്ടി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് മറ്റ് ഏജൻസികൾ എന്നിവയിലേക്ക് വിവിധ പ്രവർത്തികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ തുക ചെലവഴിച്ച് പ്രവർത്തി പൂർത്തിയാക്കണമെന്ന് നിർദേശിച്ചിരുന്നുവെങ്കിലും വർഷങ്ങളായി വളരെയധികം പ്രവൃത്തികൾ പൂർത്തീകരിക്കാതെ കിടക്കുകയാണ്. ആയതിനാൽ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.18 ൽ ചേർന്ന യോഗത്തിന്റെ സൂചന തീരുമാനത്തിന്റേയും 06.02.19 ൽ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനത്തിന്റേയും അടിസ്ഥാനത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സംസ്ഥാന തലത്തിലും ജില്ലാതലത്തിലും താഴെ പറയുന്ന നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ് .

കേരള വാട്ടർ അതോറിട്ടി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നി ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുക, പ്രവൃത്തി എന്നിവയുടെ വർഷം തിരിച്ച വിവരം ജില്ലാതലത്തിൽ ക്രോഡീകരിക്കേണ്ടതാണ്. ഇതിനെ തുടർന്ന് ജില്ലാതലത്തിൽ ബന്ധപ്പെട്ട വകുപ്പ ഉദ്യോഗസ്ഥർ (ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, ഗ്രൗണ്ട് വാട്ടർ വകുപ്പ് ജില്ലാ ഓഫീസർ തുടങ്ങിയവർ), തദ്ദേശഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർ, സെക്രട്ടറിമാർ എന്നിവരുടെ യോഗം ജില്ലാ ആസൂത്രണസമിതി തലത്തിൽ പ്രത്യേകമായി വിളിച്ച ചേർക്കണ്ടതും ജില്ലാ കളക്ടർ ഇതിന് പ്രത്യേകമായി ഇടപെടേണ്ടതുമാണ്. ഓരോ പ്രവൃത്തിയും പൂർത്തീകരിക്കുന്നതിന് ഒരു കർമ്മ പദ്ധതി തയ്യാറാക്കേണ്ടതും ഇതിന്റെ ക്രോഡീകരിച്ച റിപ്പോർട്ട് ജില്ലാ കളക്ടർ/ ജില്ലാ പ്ലാനിംഗ് ഓഫീസർ, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ഡി.പി.ഡിവിഷൻ ചീഫിനു നൽകേണ്ടതുമാണ്. സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച റിപ്പോർട്ട് തുടർ നടപടികൾക്കായി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്കു നൽകേണ്ടതാണ്.

വാട്ടർ അതോറിറ്റിയിൽ ongoing ആയ വർക്കുകൾ വേഗത്തിലാക്കി പൂർത്തീകരിക്കേണ്ടതാണ്. ഫീസിബിലിറ്റി ഇല്ലാത്തവയ്ക്ക് അതത് മേഖലകളിലെ KWA ഉദ്യോഗസ്ഥരും പഞ്ചായത്ത് കമ്മിറ്റിയും യോഗം ചേർന്ന് പദ്ധതിയിൽ മാറ്റം വരുത്തുകയും ഫീസിബിലിറ്റിക്കുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ലഭ്യമാക്കിയതിനുശേഷം ഫീസിബിൾ അല്ലാത്തവയുടെ deposit തുക KWA അതത് തസ്വഭവ സ്ഥാപനങ്ങളുടെതന്നെ Head of Account ൽ തിരിച്ചുനൽകേണ്ടതാണ്. പൊതുടാപ്പുകളുടെ

എണ്ണം നിശ്ചയിക്കുന്നതിനായി മഴക്കാലത്തിനുശേഷം joint inspection നടത്തേണ്ടതും ഇതിനായി എല്ലാ തസ്വഭവ സ്ഥാപനങ്ങൾക്കു നിർദ്ദേശം നൽകേണ്ടതുമാണ്. കോളനികളിലെ പൊതുടാപ്പുകൾ ഒഴിവാക്കാൻ പാടില്ല. മറ്റുള്ള സ്ഥലങ്ങളിൽ പ്രവർത്തനരഹിതമായവ ഒഴിവാക്കേണ്ടതാണ്. ഡെപ്പോസിറ്റ് വർക്കുകളെ സംബന്ധിച്ച് വാട്ടർ അതോറിറ്റി ഒരു പ്രഫോർമയുണ്ടാക്കി എല്ലാ തസ്വഭവ സ്ഥാപനങ്ങൾക്കും നൽകേണ്ടതും അതുവഴി വിവരം ശേഖരിക്കേണ്ടതുമാണ്.തൃശ്ശൂർ കോർപ്പറേഷനിൽ നിന്നും വാട്ടർ അതോറിറ്റിക്ക്നൽകുവാനുള്ള കുടിശ്ശിക സംബന്ധിച്ച് ചർച്ച ചെയ്യേണ്ടതും മീറ്റർ റീഡിംഗ് പ്രകാരം നിലവിലുള്ള കുടിശ്ശിക കോർപ്പറേഷൻ നൽകേണ്ടതുമാണ്.

നിലവിലുള്ള street light കളുടെ എണ്ണം / അവയിൽ വർക്ക് ചെയ്യാത്തവ എന്നിവ സംബന്ധിച്ച് joint inspection നടത്തി ഇവയുടെ വിവരം KSEB ശേഖരിക്കേണ്ടതും തസ്വഭ സ്ഥാപനങ്ങളിലെ പ്രതിനിധികൾ/ഉദ്യോഗസ്ഥർ എന്നിവർ ആവശ്യപ്പെടുന്ന വിവരങ്ങൾ KSEB യഥാസമയം നൽകണമെന്ന് AE മാർക്ക് നിർദ്ദേശം നൽകേണ്ടതുമാണ്.

ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട deposit work കൾ/Expenditure/Balance എന്നിവ സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിശദമായ വിവരങ്ങൾ ബന്ധപ്പെട്ടവർ ലഭ്യമാക്കേണ്ടതാണ്. Pending work കൾ പൂർത്തീകരിക്കുവാൻ സ്വീകരിക്കുന്ന നടപടികൾ, ഈ വേനൽക്കാലത്ത് എത്രവർക്കുകൾ പൂർത്തീകരിക്കുവാൻ കഴിയും, ongoing work കളുടെ പ്രോഗ്രസ്സ്, deposit തുക ഏത് അക്കൗണ്ടിൽ നിന്നാണ് resume ചെയ്യുന്നത് എന്നിവ സംബന്ധിച്ച വിവരങ്ങൾ കേരള വാട്ടർ അതോറിറ്റി ലഭ്യമാക്കേണ്ടതാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും } (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും } (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:-** ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ